നം.Spl Cell/E9/1020/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി 20.01.2018

# പരിപത്രം

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - 01/12/2015 മുതൽ 31/12/2017 വരെ വകുപ്പിൽ ഉണ്ടായിട്ടുള്ള സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കുന്നത് - ജീവനക്കാരുടെ വിശദാംശം ആവശ്യപ്പെടുന്നത് - സംബന്ധിച്ച്

സൂചന: സാമൂഹ്യനീതി ഡയറക്ടറുടെ 29/06/2016 ലെ ഇ9/ 10441/15 നമ്പർ നടപടിക്രമങ്ങൾ

സൂചന പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സാമൂഹ്യനീതി വകുപ്പിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ ഗ്രഡേഷൻ ലിസ്റ്റിന്റെ തുടർച്ചയായി ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിയ്ക്കുന്നതിലേയ്ക്കായി 01/12/2015 മുതൽ നാളിതു വരെ സീനിയർ ക്ലാർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ വിശദാംശം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിയ്ക്കുന്ന പ്രൊഫോർമയിൽ 29/01/2018 ന് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. 01/12/2015 ന് മുൻപ് സീനിയർ ക്ലാർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചിട്ടും സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെടാത്തതും ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെടുവാൻ അർഹരായതുമായ ജീവനക്കാരുണ്ടെങ്കിൽ ടി ജീവനക്കാരുടെ വിശദാംശം ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും
സൂപ്രണ്ട്, ഐറ്റി സെക്ഷൻ ( വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)

# പ്രൊഫോർമ

| | | |
|---|---|---|
| 1 | ജീവനക്കാരന്റെ പേര് (മലയാളത്തിൽ) | |
| | ജീവനക്കാരന്റെ പേര് (ഇംഗ്ലീഷിൽ) | |
| 2 | ജനനതീയതി (അക്കത്തിലും അക്ഷരത്തിലും) | |
| 3 | SC/ST | |
| 4 | വിദ്യാഭ്യാസ യോഗ്യത (ജനറൽ) | |
| 5 | വിദ്യാഭ്യാസ യോഗ്യത (സ്പെഷ്യൽ/ ഡിപ്പാർട്ട്മെന്റൽ) | |
| 6 | ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് പാസ്സായ വർഷവും മാസവും | |
| 7 | എൽ ഡി ക്ലാർക്ക് തസ്തികയിലെ സീനിയോറിട്ടി നമ്പരും ഉത്തരവ് നമ്പരും | |
| 8 | സ്ഥാനക്കയറ്റ ഉത്തരവ് നമ്പരും തീയതിയും | |
| 9 | പ്രൊബേഷൻ പൂർത്തീകരിച്ച പ്രാബല്യ തീയതി, ഉത്തരവ് നമ്പരും തീയതിയും | |
| 10 | മറ്റു വിവരങ്ങൾ | |

## സാക്ഷ്യ പത്രം

ശ്രീ/ ശ്രീമതി/കുമാരി ......................................................നെ/യെ സംബന്ധിച്ച് പ്രൊഫോർമയിൽ നൽകിയിട്ടുള്ള വിവരങ്ങൾ ടിയാന്റെ സേവനപുസ്തകം പരിശോധിച്ചു/ ബന്ധപ്പെട്ട ഉത്തരവ് പരിശോധിച്ചു എനിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും നൽകിയിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും ശരിയാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഓഫീസ് സീൽ

കാര്യാലയമേധാവിയുടെ ഒപ്പ്, തീയതി , ഉദ്യോഗപ്പേര്